(ഡി) ഈ എം. എൽ. എ. റോഡുകളുടെ പണി എന്നു തുടങ്ങുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) എം. എൽ. എ. റോഡുകളിൽ വിളവൂർക്കൽ-പീടാരം റോഡ് ഏറെടുക്കാൻ ഗവൺമെൻറ് ഉത്തരവായിട്ടുണ്ട്. രണ്ടാമത്തെ റോഡായ കുന്നംപാറ-മച്ചയിൽ യഥാർത്ഥത്തിൽ രണ്ടു വ്യത്യസ്ത റോഡുകൾ ചേർന്നതാകയാൽ ഇവയിൽ ഏത് റോഡാണ് ഏറെടുക്കേണ്ടതെന്ന് ചീഫ് എഞ്ചിനീയർ ആരാഞ്ഞതിനുള്ള മെംബറുടെ മറുപടി ലഭിച്ചതിനുശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു.

(ബി) വിളവൂർക്കൽ-പിടാരം റോഡാണ് ഏറെടുത്തിട്ടുള്ളത്

(സി) വിളവൂർക്കൽ-പിടാരം റോഡിൻെറ എസ്റ്റിമേറ് തയ്യാറാക്കി വരികയാണ്. താങ്കളുടെ മറുപടി ചീഫ് എഞ്ചിനീയർക്ക് കിട്ടിയതിനു ശേഷം മാത്രമേ രണ്ടാമത്തെ റോഡിൻെറ പണി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു.

(ഡി) മുകളിൽ പറഞ്ഞ കാരണങ്ങളാൽ പണി എന്നു തുടങ്ങുമെന്നു കൃത്യമായി ഇപ്പോൾ പറയുക പ്രയാസമാണ്.

വെള്ളപ്പൊക്കവും പേമാരിയും മൂലം കേടുപറ്റിയ റോഡുകൾ

68 [110] ശ്രീ. പി. സീതിഹാജി :

,, നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

1985-ൽ ഉണ്ടായ വെള്ളപ്പൊക്കവും പേമാരിയും മൂലം സംസ്ഥാനത്തെ ഏത്ര കി. മീ. റോഡുകൾക്ക് കേടുപറ്റി ?

ഉത്തരം

8240 കി. മീ.

എരുവ-കാര്യാത്ത് പാലങ്ങളുടെ പണി

69. [116] ശ്രീ. തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മുനിസിപ്പാലിറ്റിയിലുള്ള എരുവ-കാര്യാത്ത് പാലങ്ങളുടെ പണിയുടെ പുരോഗതി എങ്ങനെയിരിക്കുന്നു ;

(ബി) ഇത് എന്ന് പൂർത്തിയാകും ?

ഉത്തരം

(എ) എരുവാ പാലത്തിൻെറ പണി പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ അപ്രോച്ച് റോഡ് ശരിയായിട്ടില്ല. കാര്യാത്ത് പാലത്തിൻെറ പൈൽകാസ്റ്റിംഗ് പണികൾ പൂർത്തിയായിട്ടുണ്ട്. കായംകുളം മുനിസിപ്പാലിറ്റിയിൽ നിന്നും ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ എരുവാപാലത്തിൻെറ അപ്രോച്ച് റോഡിൻെറയും കാര്യാത്ത് പാലത്തിൻെറയും പണി മുടങ്ങിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുനിസിപ്പാലിറ്റിയിൽ നിന്നും ആവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. അതിനാൽ ഈ പാലങ്ങളുടെ പണി എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ ബുദ്ധിമുട്ടുണ്ട് .

കരുവച്ചാൽ പൈലറ്റ് പ്രോജക്ട്

70. [119] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കരുവച്ചാൽ പൈലറ്റ് പ്രോജക്ടിനു നീക്കിവെച്ചത് എത്ര രൂപയാണ് ;

(ബി) ഇതിൽ എത്ര രൂപ ചെലവായി ;

(സി) ഈ പദ്ധതി വിപുലപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 1983-84 സാമ്പത്തിക വർഷത്തിൽ 12 ലക്ഷം രൂപയും 1984-85-ൽ 26.75 ലക്ഷം രൂപയും (മാത്തം 38.75 ലക്ഷം രൂപ) ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചു.

(സി) പ്ലാനിംഗ് കമ്മീഷൻ കരുവച്ചാലിൽ അംഗീകരിച്ച പദ്ധതി 1984-85-ൽ പൂർത്തിയായതുകൊണ്ടും പുതിയ വാട്ടർഷെഡ് പദ്ധതികൾ തുടങ്ങേണ്ടെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ടും കരുവച്ചാൽ പദ്ധതി വിപുലപ്പെടുത്താൻ തല്ക്കാലം ഉദ്ദേശ്യമില്ല.

പൊതുമരാമത്തു വകുപ്പ് വിഭജനം

71. [120] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് രണ്ടു പ്രത്യേക വകുപ്പുകളാക്കാൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) അതുകാരണം അധികചെലവ് ഉണ്ടാവാൻ സാദ്ധ്യതയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അധിക ചെലവ് വർഷത്തിൽ എത്ര ?

ഉത്തരം

(എ) മരാമത്ത് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ബിൽഡിംഗ്സ് ആൻറ് റോഡ്സ് വിഭാഗത്തെ ബിൽഡിംഗ്സ് ആൻറ് ലോക്കൽവർക്ക്സെറ്റും റോഡ്സ് ആൻറ് ബ്രിഡ്ജസ് എന്നും രണ്ട് വിഭാഗമായിത്തിരിക്കാൻ ഉത്തരവുകൾ പുറപ്പെടുവിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly